# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/251/2016 പത്രക്കുറിപ്പ് 2016 നവംബർ 23

**പരീക്ഷ മാറ്റി**
ഇന്ന് (നവംബർ 24) നടത്തുവാൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ ബി.വോക് (സി.ബി.സി.എസ്.എസ്) അണ്ടർ ഗ്രാജ്വേറ്റ് പ്രോഗ്രാമിന്റെ കമ്യൂണിക്കേഷൻ സ്കിൽ ഇൻ ഇംഗ്ലീഷ് (കോമൺ പേപ്പർ) പരീക്ഷ ഡിസംബർ 8ന് നടത്തുന്നതിനായി മാറ്റി. പരീക്ഷാ കേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

**പരീക്ഷാ തീയതി**
അഫിലിയേറ്റഡ് കോളജുകളിലെ നാലാം സെമസ്റ്റർ ത്രിവൽസര എൽ.എൽ.ബി, എട്ടാം സെമസ്റ്റർ പഞ്ചവൽസര എൽ.എൽ.ബി (കോമൺ) പരീക്ഷകൾ ഡിസംബർ 21 മുതൽ നടത്തും. അപേക്ഷകൾ പിഴകൂടാതെ ഡിസംബർ 1 വരെയും 50 രൂപ പിഴയടെ 2 വരെയും 500 രൂപ സൂപ്പർഫൈനോടെ 5 വരെയും സ്വീകരിക്കും. റഗുലർ അപേക്ഷകർ 100 രൂപയും വീണ്ടുമെഴുതുന്നവർ ഓരോ പേപ്പറിനും 20 രൂപ വീതം (പരമാവധി 100 രൂപ) സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാ ഫീസിന് പുറമെ അടയ്ക്കണം.

മൂന്നാം വർഷ ബി.പി.റ്റി (പുതിയ സ്കീം – 2013 അഡ്മിഷൻ റഗുലർ, 2008–12 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷ ഡിസംബർ 16 മുതൽ നടത്തും. അപേക്ഷകൾ പിഴകൂടാതെ നവംബർ 29 വരെയും 50 രൂപ പിഴയോടെ 30 വരെയും 500 രൂപ സൂപ്പർഫൈനോടെ ഡിസംബർ 2 വരെയും സ്വീകരിക്കും. വീണ്ടുമെഴുതുന്നവർ ഓരോ പേപ്പറിനും 20 രൂപ വീതം സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാ ഫീസിന് പുറമെ അടയ്ക്കണം. അപേക്ഷകർ ഒന്നാം വർഷത്തെ മാർക്ക് ലിസ്റ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കണം.

**അപേക്ഷാ തീയതി**
ഒന്ന് മുതൽ നാല് വരെ വർഷ മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ മെഡിക്കൽ ഡോക്കുമെന്റേഷൻ (പഴയ സ്കീം – 2009ന് മുൻപുള്ള അഡ്മിഷൻ) മേഴ്സി ചാൻസ് ഡിഗ്രി പരീക്ഷയ്ക്ക് അപേക്ഷിക്കാം. പിഴകൂടാതെ ഡിസംബർ 5 വരെയും 50 രൂപ പിഴയോടെ 6 വരെയും 500 രൂപ സൂപ്പർഫൈനോടെ 8 വരെയും അപേക്ഷ സ്വീകരിക്കും. അപേക്ഷകർ 7000 രൂപ സ്പെഷ്യൽ ഫീസായി നിശ്ചിത പരീക്ഷാ ഫീസിനും സി.വി ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. പരീക്ഷാ തീയതി പിന്നീട്.

**പരീക്ഷാ ഫലം**
2016 സെപ്തംബർ മാസം നടത്തിയ മൂന്നും നാലും വർഷ ബാച്ചിലർ ഓഫ് ഫിസിയോതെറാപ്പി (പുതിയ സ്കീം – സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 6 വരെ സ്വീകരിക്കും.

**ആനുവൽ സോഫ്റ്റ് വെയർ മീറ്റ്**
എം.ജി സർവ്വകലാശാല സ്കൂൾ ഓഫ് കംപ്യൂട്ടർ സയൻസിന്റെയും കംപ്യൂട്ടർ സയൻസ് സ്റ്റുഡന്റ്സ് അസോസിയേഷന്റെയും സംയുക്ത ആഭിമുഖ്യത്തിൽ നടത്തുന്ന ആനുവൽ സോഫ്റ്റ് വെയർ മീറ്റ് ''ഇന്റർ ഫെയ്സ്'' ഡിസംബർ 2, 3 തീയതികളിലായി നടത്തും. 2ന് രാവിലെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ ടെക്നിക്കൽ ടോക്ക് നടത്തും. പേപ്പർ പ്രസന്റേഷൻ, കോഡിംഗ്, വെബ് ഡിസൈനിംഗ്, ഐ.ടി. ക്വിസ് തുടങ്ങിയ പ്രോഗ്രാമുകൾ നടത്തും. കംപ്യൂട്ടർ സയൻസ് എം.എസ്.സി/എം.സി.എ/ബി.ടെക്/എം.ടെക് വിദ്യാർത്ഥികൾക്കും, കംപ്യൂട്ടർ സയൻസ് വിഭാഗത്തിൽ അവസാനവർഷ ബിരുദ വിദ്യാർത്ഥികൾക്കും മത്സരത്തിൽ പങ്കെടുക്കാം. www.cssasocs.org, www.i-face.cssasocs.org എന്നീ വെബ് സൈറ്റുകൾ മുഖേന രജിസ്റ്റർ ചെയ്യാം. ഫോൺ 9496585128.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)